# ഇന്ത്യയെ ആരാണ് യുദ്ധത്തിലേക്ക് കൈപിടിച്ച് നയിക്കുന്നത്?

**അഫ്ഗാനിസ്താനിലെ** ഇന്ത്യൻ എംബസിയിൽ നടന്ന ചാവേർ ആക്രമണങ്ങളുടെ ഉത്തരവാദിത്വം ആരും അവകാശപ്പെട്ടിട്ടില്ല. ആരും അവകാശപ്പെടാത്ത ചാവേർ ആക്രമണങ്ങൾക്കു പിന്നിൽ ആരായിരിക്കും? ഇന്ത്യയിലാകട്ടെ പാകിസ്താനിലാകട്ടെ ചാവേറുകളുടെ സിദ്ധാന്തങ്ങൾ ബുദ്ധിയുള്ള മനുഷ്യന് തിരിയാതായിട്ട് കാലം കുറച്ചായി. സ്ഫോടനത്തെ അപലപിക്കുന്നവരുടെ നിലപാടാണ് പലപ്പോഴും കൂടുതൽ സംശയകരം. അഫ്ഗാനിസ്താനിലെ ആഭ്യന്തര മന്ത്രാലയം പറയുന്നത് 'മേഖലയിലെ സജീവമായ ഒരു ഇന്റലിജൻസ് ഏജൻസി'യാണ് ഈ ആക്രമണം സംഘടിപ്പിച്ചതെന്നാണ്. ഇത് ഐ.എസ്.ഐ ആണെന്ന് ആരും വിശദീകരിക്കേണ്ടതില്ല. അഫ്ഗാനിസ്താന്റെ ആരോപണത്തോട് ഒരുതരം നരച്ച പ്രതികരണമാണ് അമേരിക്കയുടേത്. ഭീകര വിരുദ്ധ യുദ്ധത്തിലെ സഖ്യകക്ഷിയായ പാകിസ്താന്റെ രക്ഷക്കെത്തുകയല്ല വാഷിംഗ്ടൺ ചെയ്യുന്നത്. പാകിസ്താനാണ് ചെയ്തതെങ്കിൽ ആരോപണമുന്നയിക്കുന്നതിന് ഒരു തെളിവും ആവശ്യമില്ലാത്തവരാണ് നമ്മൾ. എന്നിട്ടും ഇന്ത്യ അലസമായ രീതിയിൽ മൗനം പാലിക്കുകയും ചെയ്യുന്നു. ആകെക്കൂടി നോക്കുമ്പോൾ ലക്ഷണക്കേടാണ് കാണാനുള്ളത്. അമേരിക്കക്കും കർസായിക്കും ഇപ്പോൾ പാകിസ്താനോടു പൊടുന്നനെ വൈക്ലബ്യം തോന്നേണ്ട കാരണങ്ങളൊന്നുമില്ല. ചെയ്തവർ അവകാശപ്പെടാതിരിക്കുകയും കുറ്റം പറയേണ്ടവർ മൗനം പാലിക്കുകയും കാഴ്ചക്കാരൻ വിശദീകരിക്കുകയും ചെയ്യുന്ന വിചിത്രമായ സമസ്യയാണിത്. പക്ഷേ സൂക്ഷിച്ചു നോക്കിയാൽ കാഴ്ചക്കാരന്റെ താൽപര്യങ്ങളാണ് മുഴച്ചു നിൽക്കുന്നത്.

ഇന്ത്യ-അമേരിക്ക ആണവ കരാറിന്റെ പശ്ചാത്തലത്തിൽ ഈ കാബൂൾ ആക്രമണങ്ങളെ വിലയിരുത്തുകയാണെങ്കിൽ ഉത്തരം കിട്ടാൻ എളുപ്പമുണ്ട്. പരോപകാരമെന്നോ ജനസേവനമെന്നോ മറ്റോ വിശേഷിപ്പിച്ചാൽ തന്നെയും അഫ്ഗാനിസ്താനിൽ അമേരിക്കയുടെ സഹായത്തിനാണ് കഴിഞ്ഞ നാലു വർഷമായി ഇന്ത്യ കഷ്ടപ്പെട്ടു പണിയെടുക്കുന്നത്. 300 കോടിയിലേറെ രൂപയാണ് ഈ കാലയളവിൽ ഇന്ത്യ അഫ്ഗാനിൽ ചെലവഴിച്ചത്. തത്വത്തിൽ റോഡു വെട്ടുകയാണ് ചെയ്യുന്നതെങ്കിലും കാബൂളിൽനിന്ന് ഇറാനിലെ തുറമുഖനഗരമായ നിംറോസിലേക്കുള്ള ഒറ്റ റോഡ് ഒഴികെയുള്ളതൊന്നും ഇന്ത്യൻ താൽപര്യവുമായി ഒരു നിലക്കും ഒത്തുവരുന്നതല്ല. പാകിസ്താന്റെ അതിർത്തിയിലേക്ക് നാറ്റോ സൈനികരെ എത്തിക്കാൻ സഹായിക്കുന്ന റോഡുകൾ എങ്ങനെയാണ് ഇന്ത്യൻ താൽപര്യത്തെ സഹായിക്കുക? കരയിലൂടെയുള്ള ഇന്ത്യ-ഇറാൻ വ്യാപാര ബന്ധങ്ങൾ ശക്തമാകുന്നില്ലെങ്കിൽ നിംറോസ് റോഡ് പോലും അമേരിക്കൻ താൽപര്യങ്ങളെയാണ് ഫലത്തിൽ സഹായിക്കുക. ഇറാനുമായി യുദ്ധമുണ്ടാകുമ്പോഴറിയാം ആരുടെ താൽപര്യങ്ങളെയാണ് ഇന്ത്യ അഫ്ഗാനിസ്താനിൽ സഹായിച്ചതെന്ന്. ഇന്ത്യയെ യുദ്ധത്തിലേക്ക് വലിച്ചിഴക്കുന്ന നീക്കങ്ങളാണ് നടക്കുന്നത്. ഇവ ഇനിയും ആവർത്തിക്കുകയും ഇന്ത്യ ആസന്ന ഭാവിയിൽ തന്നെ അമേരിക്കയോടൊപ്പം നിന്ന് 'ഭീകര വിരുദ്ധ' യുദ്ധത്തിൽ പങ്കെടുക്കുകയും ചെയ്യും. സമയത്തിൻെറ മാത്രം പ്രശ്നമാണത്.

ആർക്കും വിശദീകരിക്കാനാവാത്ത നമ്മുടെ ദുരൂഹമായ വിദേശനയങ്ങളുടെ രക്തസാക്ഷികളാണ് കാബൂളിൽ കൊല്ലപ്പെട്ട വെങ്കട് മുതൽ വി.വി റാവു വരെയുള്ളവർ. മലയാളിയായ മണിയപ്പൻ കൊല്ലപ്പെട്ടതും ഇന്ത്യക്കു വേണ്ടിയായിരുന്നു. പക്ഷേ എന്താണ് നമുക്ക് അഫ്ഗാനിസ്താനിൽനിന്ന് കിട്ടാൻ പോകുന്ന മെച്ചമെന്ന് ആരും പറയുന്നില്ല. മധ്യേഷ്യൻ രാജ്യങ്ങളിലെ പ്രകൃതി സമ്പത്ത് കൊള്ളയടിക്കാനെത്തിയ അമേരിക്കൻ സൈന്യത്തിന് താവളമടിക്കാൻ സഹായകരമായ ഭൂമിയിലെ ഏറ്റവും സൗകര്യപ്രദമായ ഒരിടമായിരുന്നു അഫ്ഗാനിസ്താൻ. ഈ കൊള്ളയടിയിൽ പങ്കു ചേരേണ്ട ഒരു കാര്യവും ഇന്ത്യക്കുണ്ടായിരുന്നില്ല. അഫ്ഗാനുമായി ബന്ധപ്പെട്ട മറ്റു താൽപര്യങ്ങളും നമുക്കില്ല. കുറെക്കൂടി വിശാലമായി ചിന്തിച്ചാൽ അഫ്ഗാനിസ്താനിൽ ശുദ്ധ വങ്കത്തമായിരുന്നു ഇന്ത്യ കാണിച്ചു വന്നത്. നേർക്കുനേരെ ഇന്ത്യയുമായി അതിർത്തി പങ്കുവെക്കുന്ന മ്യാൻമറിലോ ശ്രീലങ്കയിലോ സൈന്യത്തെ അയച്ച് സാഹചര്യങ്ങൾ മെച്ചപ്പെടുത്താൻ നാം ശ്രമിക്കുന്നില്ലല്ലോ. അതുപോലെയല്ലേ അഫ്ഗാനിസ്താനും? മറ്റാരുടെയോ താൽപര്യങ്ങൾക്കു വഴങ്ങിയെന്ന് പ്രത്യക്ഷത്തിൽ തോന്നുന്ന വിധത്തിലാണ് അഫ്ഗാനിസ്താനിൽ ഇന്ത്യ ഇടപെട്ടുകൊണ്ടിരിക്കുന്നത്.

നീണ്ട നാലര വർഷങ്ങൾക്കു ശേഷം ഇടതുപക്ഷം കോൺഗ്രസ് മുന്നണിയെ കൈവെടിഞ്ഞുവെങ്കിലും ആണവകരാർ എന്ന പേരിലുള്ള അമേരിക്കൻ സൈനിക സഹകരണം നടപ്പിൽ വരില്ലെന്ന് പറയാനാവുന്ന അവസ്ഥയല്ല ഇപ്പോൾ രാജ്യത്തുള്ളത്. കരാർ പൊളിയുമെന്നാണ് സൂചനയെങ്കിൽ ഈ ഭീകരാക്രമണം നടക്കുമായിരുന്നോ എന്നത് കണ്ടുതന്നെ അറിയണം. കരാർ നടപ്പിലാവുന്ന സാഹചര്യത്തിന്റെ തുടർച്ചയാണ് ഇന്ത്യയെ യുദ്ധത്തിലേക്ക് കൈപിടിച്ചു നയിക്കുന്ന ഈ ആക്രമണം. ഇന്ത്യയെ ജോർജ് ബുഷിന് പണയം വെച്ച് മടങ്ങിയെത്തിയ മൻമോഹൻ സിംഗ് ഭൂരിപക്ഷം തെളിയിക്കാനുള്ള തത്രപ്പാടിന്റെ ദിവസങ്ങളിലാണ്. പ്രധാനമന്ത്രിയെ സഹായിക്കാൻ ഭിക്ഷാംദേഹികളായ സമാജ്‌വാദി പാർട്ടിക്കാരും മതരാഷ്ട്രീയക്കാരായ അകാലികളും തീരുമാനിച്ചിറങ്ങിയാൽ പിന്നെ രക്ഷയൊന്നുമില്ല. കരാർ നടപ്പിലാവുക തന്നെ ചെയ്യും. അല്ലെങ്കിലും ഇതിനകം ആണവോർജ ഏജൻസിയെ സമീപിച്ചു കഴിഞ്ഞ മൻമോഹന് ഭൂരിപക്ഷം കിട്ടിയാലുമില്ലെങ്കിലുമെന്ത്? അടുത്ത സർക്കാർ ആരുടേതായാലും ഒപ്പിടുക മാത്രമല്ലേ ബാക്കിയുണ്ടാവൂ. ചെയ്യേണ്ടത് വേണ്ടപ്പോൾ ചെയ്യാതിരുന്നതിന്റെ ദോഷമാണ് ഇടതുപക്ഷത്തെ കാത്തിരിക്കുന്നത്. കരാറിൽ ഒപ്പുവെക്കില്ലെന്നും പക്ഷേ ചർച്ചകൾ മാത്രം മുന്നോട്ടു കൊണ്ടുപോവുമെന്നും 2006-ൽ മൻമോഹൻ പറഞ്ഞപ്പോൾ എന്തിനായിരുന്നു ഇടതുപക്ഷം അംഗീകരിച്ചു കൊടുത്തത്? പിന്തുണ പിൻവലിക്കുന്ന കാര്യത്തിൽ ഇപ്പോൾ കാണിച്ച തന്റേടം അന്നു കാണിച്ചിരുന്നുവെങ്കിൽ തങ്ങൾ ഭരിക്കുന്ന സംസ്ഥാനങ്ങളിലെങ്കിലും സി.പി.എമ്മിന്റെ കരുത്ത് വർധിക്കുമായിരുന്നില്ലേ?

ഇന്ത്യൻ ചരിത്രത്തിലാദ്യമായി ഒരു പ്രധാനമന്ത്രി സ്വന്തം രാജ്യത്തെ ജനങ്ങളോട് പറയാത്ത കാര്യങ്ങൾ ജപ്പാനിലെ ഏതോ കേന്ദ്രത്തിൽ പോയി ജോർജ് ബുഷിനോടു പ്രഖ്യാപിച്ചതും പാർലമെന്റിനെ അറിയിക്കാത്ത സുരക്ഷാ കരാറുകളുമായി അടുത്ത മാസം വിയന്നയിലെ ആണവോർജ ഏജൻസി യോഗത്തിലേക്കു പോകുമെന്നു തീരുമാനിച്ചതുമൊന്നും മാധ്യമങ്ങളിൽ ചർച്ചയേ അല്ലാതായി. വിശ്വാസവോട്ടെടുപ്പ് എന്ന ആഭാസത്തെ കുറിച്ചായി എല്ലാവരുടെയും കണക്കെടുപ്പ്. രാഷ്ട്രീയത്തിൽ മിനിമം മര്യാദകൾ പോലും പാലിക്കാത്ത ഇതുപോലൊരു പ്രധാനമന്ത്രി ഇന്ത്യയുടെ ചരിത്രത്തിൽ മുമ്പെന്നെങ്കിലും ഉണ്ടായിരുന്നോ? ■